ആരെങ്കിലും അല്ലാഹുവിനോട് സത്യസന്ധമായി
രക്തസാക്ഷിത്വം ചോദിക്കുകയാണെങ്കിൽ അവൻ തൻ്റെ
വിരിപ്പിൽ കിടന്ന് മരിച്ചാലും അവനെ അല്ലാഹു
രക്തസാക്ഷികളുടെ പദവികളിൽ എത്തിക്കുന്നതാണ്
സഹ്ൽ ബ്നു ഹുനൈഫ് -هُْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിനോട്
സത്യസന്ധമായി രക്തസാക്ഷിത്വം ചോദിക്കുകയാണെങ്കിൽ അവൻ തൻ്റെ വിരിപ്പിൽ കിടന്ന്
മരിച്ചാലും അവനെ അല്ലാഹു രക്തസാക്ഷികളുടെ പദവികളിൽ എത്തിക്കുന്നതാണ്."
[സ്വഹീഹ്] [മുസ്ലിം ഉദ്ധരിച്ചത്]
ആരെങ്കിലും അല്ലാഹുവിൻ്റെ മാർഗത്തിലുള്ള രക്തസാക്ഷിത്വവും അവൻ്റെ മാർഗത്തിൽ
വധിക്കപ്പെടാനും ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും, അവൻ്റെ ഉദ്ദേശ്യം നിഷ്കളങ്കവും
സത്യസന്ധവുമായിരിക്കുകയും ചെയ്താൽ അല്ലാഹു അവൻ്റെ നിഷ്കളങ്കമായ ഉദ്ദേശ്യത്തിന്
പ്രതിഫലമായി -അവൻ യുദ്ധത്തിലായി കൊണ്ടല്ലാതെ, തൻ്റെ വിരിപ്പിൽ കിടന്ന്
മരണപ്പെട്ടാലും- അവന് രക്തസാക്ഷികളുടെ പദവി നൽകുന്നതാണ്.
https://sunnah.global/hadeeth/ml/show/3157